**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 781** **29/10/2019 ൽ മറുപടിക്ക്**

## ശബരിമല തീർത്ഥാടനത്തിനുള്ള മുന്നൊരുക്കങ്ങൾ

**ചോദ്യം** **മറുപടി**

**ശ്രീമതി.പി. അയിഷാ പോറ്റി**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വരുന്ന ശബരിമല തീർത്ഥാടനത്തിന്റെ മുന്നൊരുക്കങ്ങൾക്കായി കൈക്കൊണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ; | (എ) യും (ബി) യും | ശബരിമല ദർശനത്തിന് എത്തുന്ന ലക്ഷകണക്കിന് അയ്യപ്പ ഭക്തർക്ക് സാധ്യമായ എല്ലാ സൗകര്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. കെട്ടിടങ്ങൾ വിരിസ്ഥലങ്ങൾ എന്നിവയുടെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ചു. ശുചിമുറികളുടെ ഉപയോഗ ക്ഷമത വർദ്ധിപ്പിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ ഇൻസിനറേറ്ററുകൾ മാലിന്യ പ്ലാന്റുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി സുരക്ഷിത ദർശനം സാധ്യമാകുന്നതിന് ആവശ്യമായ ബാരിക്കേഡുകളുടെ നിർമ്മാണം നിലവിലുള്ളവയുടെ അറ്റകുറ്റപണികൾ എന്നിവ പൂർത്തിയാക്കി. ശബരിമലയിൽ പ്ലാസ്റ്റിക്ക് കുപ്പികൾ നിരോധിച്ചിട്ടുള്ളതിനാൽ കുടിവെള്ളത്തിന് കഴിഞ്ഞ വർഷം നടപ്പിലാക്കിയ സംവിധാനത്തേക്കാൾ വിപുലമായി കൂടുതൽ സൗകര്യങ്ങൾ ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഔഷധക്കൂട്ടുകൾ ചേർത്ത് തിളപ്പിച്ച ശുദ്ധജലം വിതരണം ചെയ്യുന്നതിനായി വിവിധ തലങ്ങളിലായി കൗണ്ടറുകൾ സ്ഥാപിച്ചു. മൂന്ന് വാട്ടർ കിയോസ്കുകൾ പണിത് കുടി വെള്ളം കിട്ടുന്നതിനുള്ള കൂടുതൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ കിയോസ്കുകളിലൂടെ കുടിവെള്ളം കിട്ടുന്നതിനായി വാട്ടർ സ്റ്റേഷനുകൾ, വാട്ടർ പ്യൂരിഫയറുകൾ എന്നിവ സ്ഥാപിച്ചു. വാട്ടർ ഡിസ്പെൻസർ യൂണിറ്റുകളിൽക്കൂടി ചൂടുവെള്ളം, തണുത്തവെള്ളം എന്നിവ |
| (ബി) | പ്രസ്തുത കാലയളവിൽ തീർത്ഥാടകരുടെ സൗകര്യത്തിനായി സന്നിധാനം, നിലക്കൽ, പമ്പ എന്നിവിടങ്ങളിൽ പുതിയതായി ഏർപ്പെടുത്തുന്ന സംവിധാനങ്ങൾ എന്തെല്ലാമാണ്; | | |

| | | |
|---|---|---|
| | | ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് പുറമേ ജലം സംഭരിക്കുന്നതിനായി 2.05 കോടി ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കും സ്ഥാപിച്ചു.<br>മലനീകരണ നിയന്ത്രണ/സംസ്കരണത്തിന്റെ ഭാഗമായി നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള ഭാഗങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർജ്ജിക്കുക, വനഭൂമി മലീമസമാക്കുന്നത് തടയുക എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി വിവിധ രീതിയിലുള്ള പ്രചരണങ്ങൾ നൽകി. മാലിന്യം സംഭരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് ശബരിമല സാനിട്ടേഷൻ സൊസൈറ്റി, പുണ്യം പൂങ്കാവനം പദ്ധതി, മാതാ അമൃതാനന്ദമയി മഠത്തിന്റെ നേതൃത്വത്തിലുള്ള ശുചീകരണ സംവിധാനം എന്നിവ ഏർപ്പെടുത്തി. ശബരിമലയിലെ മാലിന്യ സംസ്കരണ പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിലേയ്ക്കായി നിലവിലുള്ള പൈപ്പ് ലൈൻ, പ്ലാന്റ് എന്നിവയുടെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ചു. ഭസ്മക്കുളം നവീകരണം, പാണ്ടിത്താവളം മുതൽ അന്നദാന മണ്ഡപം വരെയുള്ള റോഡ് വികസനം എന്നിവയും നടപ്പിലാക്കി.<br>ശബരിമലയിൽ ഈ വർഷം കരുതൽ ശേഖരണത്തോടുകൂടി തന്നെ അരവണ നിർമ്മാണം ആരംഭിച്ചിരുന്നു. അരവണ നിർമ്മാണത്തിനാവശ്യമായ യന്ത്ര സാമഗ്രികൾ സമഗ്രമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കിയും, അരവണ നിറച്ച് സീൽ ചെയ്യുന്നതിലേയ്ക്ക് നിലവിലുള്ള യന്ത്ര സാമഗ്രികൾക്ക് പുറമെ സ്പോൺസർഷിപ്പ് മുഖാന്തിരം ലഭിച്ച ഫില്ലിംഗ് മെഷീനും ഈ വർഷം പുതിയതായി സ്ഥാപിച്ചു.<br>ശബരിമലയിൽ അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയിൽ 35,000 ചതുരശ്ര അടിയും വലിയ നടപ്പന്തലിന്റെ കിഴക്ക് ഭാഗത്ത് കെട്ടിടത്തിന്റെ മുകളിൽ 12,000/- ചതുരശ്ര അടിയും പാണ്ടിത്താവളത്തിൽ 2,000 |

| | | | |
|---|---|---|---|
| | | | ചതുരശ്ര അടിയും വിസ്തീതിയിലുമുളള വിരിഷെഡുകൾ സജ്ജമാക്കി. പമ്പയിൽ ടോയ് ലെറ്റ് കോംപ്ലക്സ് സ്ഥാപിച്ചു. കുളിക്കടവ് നവീകരിച്ചു. കൂടാതെ സ്വാമി അയ്യപ്പൻ റോഡിലും കെ.എസ്.ആർ.ടി.സി-യ്ക്ക് സമീപം പമ്പയുടെ വിവിധ ഭാഗങ്ങളിലായി ബയോ ടോയ് ലറ്റുകളും മുൻ വർഷങ്ങളിലേക്കാൾ മെച്ചപ്പെട്ട രീതിയിൽ സ്ഥാപിച്ചു. നിലയ്ക്കലിൽ തീർത്ഥാടകർക്ക് 1000 വാഹനങ്ങളുടെ അധിക പാർക്കിംഗിനായി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | തീർത്ഥാടകർക്ക് ദർശനം സുഗമമാക്കുന്നതിന് എന്ത് തരത്തിലുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ആലോചിക്കുന്നത് എന്നറിയിക്കാമോ? | (സി) | തിരക്ക നിയന്ത്രിക്കുവാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരക്ക് ക്രമീകരിച്ച് ദർശനം സുഗമമാക്കുന്നതിനുള്ള സജ്ജീകരണം ഒരുക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**